കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ നടത്തുന്ന സെക്യൂരിറ്റി ഗാർഡ് പരിശീലന പരിപാടി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) 1764/08 / തസ്വഭവ — തിരുവനന്തപുരം, തീയതി, 21.06. 2008

---

പരാമർശം :- 1. 04.10.05-ലെ ജി.ഒ.(സാധാ) നം.4053/05/തസ്വഭവ.
2. **PRTC** ഡയറക്ടറുടെ 18.02.08-ലെ അപേക്ഷ.
3. 28.05.08-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.11 നമ്പർ തീരുമാനം.

## ഉത്തരവ്

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് സൈന്യത്തിലേയ്ക്കും മറ്റും തെരഞ്ഞെടുക്കപ്പെടാൻ സഹായകമായ പരിശീലന പരിപാടി നൽകുന്നതിനുള്ള കേന്ദ്രമായി കോഴിക്കോട് പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്ററിനെ പരാമർശം (1)-ലെ ഉത്തരവ് പ്രകാരം അംഗീകരിച്ചിരുന്നു. പരാമർശം (2) അപേക്ഷയിൽ വിവിധ സ്ഥാപനങ്ങളിൽ സെക്യൂരിറ്റി ഗാർഡ് ആയി നിയമനം ലഭിക്കുന്നതിന് 17നും 45 നും ഇടയിൽ പ്രായമുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള യുവാക്കളെ പ്രാപ്തരാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള രണ്ടുമാസത്തെ റെസിഡൻഷ്യൽ പരിശീലന പരിപാടി തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നതിന് അനുമതി നൽകണമെന്ന് **PRTC** ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 28.05.08-ന് നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയിൽ ചർച്ചചെയ്ത് സൂചന (3)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ നടത്തുന്ന സെക്യൂരിറ്റി ഗാർഡുകൾക്കുള്ള റെസിഡൻഷ്യൽ പരിശീലന പരിപാടി, താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പാക്കുന്നതിന് ഇതിനാൽ അംഗീകാരം നൽകി ഉത്തരവാകുന്നു.

1. പരിശീലന പരിപാടിയുടെ ആകെ ഫീസ് 12,000/-(പന്ത്രണ്ടായിരം) രൂപയായിരിക്കും.

2. പട്ടികജാതി / പട്ടികവർഗ്ഗക്കാർക്ക് 11,000/- (പതിനൊന്നായിരം) രൂപയും പൊതു വിഭാഗക്കാർക്ക് 6000/- (ആറായിരം)രൂപയും പരമാവധി

സബ്സിഡിയായി പരിശീലന പരിപാടി ഏറ്റെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ PRTCക്ക് നൽകാവുന്നതാണ്.

3. വികസനഫണ്ട് /തനത് ഫണ്ട്/ജനറൽ പർപ്പസ് ഫണ്ട് എന്നിവ ഈ ആവശ്യത്തിന് ഉപയോഗിക്കാവുന്നതാണ്.

4. സബ്സിഡി തുക കഴിച്ചുള്ള ബാക്കി തുക പരിശീലനാർത്ഥികൾ നേരിട്ട് PRTC -യിൽ ഒടുക്കേണ്ടതും രസീത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിൽ ഹാജരാക്കേണ്ടതുമാണ്.

5. പരിശീലന പരിപാടിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭ/വാർഡ് സഭ മുഖേനയായിരിക്കണം.

6. പരിശീലന പരിപാടി നടപ്പാക്കുന്ന തദ്ദേശഭരണ സ്ഥാപനം പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്ററുമായി 50 രൂപ മുദ്രപ്പത്രത്തിൽ വ്യക്തമായ വ്യവസ്ഥകൾ അടങ്ങിയ ഉടമ്പടി ഒപ്പുവയ്ക്കേണ്ടതാണ്.

7. പരിശീലനത്തിനുള്ള ഫീസ് അർഹതയനുസരിച്ച് സ്ഥാപനവുമായി കരാറിൽ ഏർപ്പെടുമ്പോൾ 25% ഒരുമാസം കഴിയുമ്പോൾ 25% , പരിശീലനം പൂർത്തിയാക്കി കഴിയുമ്പോൾ 50% എന്ന ക്രമത്തിൽ നൽകാവുന്നതാണ്.

8. പരിശീലന കാലയളവിൽ ഒരിക്കലെങ്കിലും ഗ്രാമവികസന കമ്മീഷണറോ, ടിയാൻ ചുമതലപ്പെടുത്തുന്ന ബന്ധപ്പെട്ട ഓഫീസറോ സ്ഥാപനം സന്ദർശിച്ച് ആവശ്യമായ പരിശോധനകൾ നടത്തേണ്ടതും ഉചിതമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. ഗുരുതരമായ വീഴ്ചകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം വിവരം സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

9. പരിശീലന പരിപാടി ഏറ്റെടുക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരികൾ സ്ഥാപനം സന്ദർശിച്ച് പരിശീലന പുരോഗതി വിലയിരുത്തേണ്ടതാണ്.

10. ഓരോ ബാച്ചിന്റേയും പരിശീലന കാലയളവും മറ്റു വിവരങ്ങളും PRTC ഡയറക്ടർ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് /ഗ്രാമവികസന കമ്മീഷണർക്ക് നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസനകമ്മിഷണർ, തിരുവനന്തപുരം - തുടർ നടപടികൾ സ്വീകരിച്ച് വിവരം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.
സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ്, ലൂക്ക്സ് ലേൻ, ടി.സി.നം.25/2727(4), പുത്തൻചന്ത, തിരുവനന്തപുരം. } ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളെയും അറിയിക്കേണ്ടതാണ്
ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ, സിവിൽ സ്റ്റേഷൻ , കോഴിക്കോട്.
ഡയറക്ടർ , കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ.
പബ്ളിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ , ഐ.കെ.എം.(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ അടിയന്തിരമായി പ്രസിദ്ധപ്പെടുത്തുന്നതിന്.)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്.
തദ്ദേശസ്വയംഭരണ (ഡി.ബി)( ഡി.സി.)( ഡി.ഡി.) (എഫ്.എം.) വകുപ്പുകൾക്ക്.